പട്ടയത്തിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി

319 (7290) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏറവ് വില്ലേജിൽ സർവ്വേ നമ്പർ 405/284-ൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്കിൽ 45 വർഷമായി താമസിക്കുന്ന 4 കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള എം.എൽ.എ.-യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) സമീപവാസികളായ മറ്റ് കുടുംബങ്ങൾക്ക് പട്ടയം നൽകിയ മാതൃകയിൽ പ്രസ്തുത കുടുംബങ്ങൾക്കും അടിയന്തരമായി പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പിന് എൻ.ഒ.സി. നൽകുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) ബാധകമല്ല.

റെസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിനായുള്ള പദ്ധതി

320 (7291) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 147 റെസ്റ്റ് ഹൗസുകളിൽ 44 എണ്ണം പുതുക്കി പണിയുന്നതിന് 9-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1540/2011/പൊ.മ.വ. പ്രകാരം 6.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. ഇവയിൽ കാക്കനാട് റെസ്റ്റ് ഹൗസ് ഒഴികെ 43 റെസ്റ്റ് ഹൗസുകളുടെയും പണി പൂർത്തിയായിട്ടുണ്ട്. ഇതിനുശേഷം റെസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്ന പദ്ധതിക്ക് പ്രത്യേകമായി രൂപംകൊടുത്തിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അത്യാവശ്യംവരുന്ന അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

(ബി-ഡി) ബാധകമല്ല.

സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് സൗകര്യങ്ങൾ

321 (7282) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സന്ദർശകർ ഉൾപ്പെടെ അംഗവൈകല്യമുള്ളവർക്ക് സർക്കാർ കെട്ടിടങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് ലിഫ്റ്റ്, റാമ്പ് മുതലായ സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

(ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്കായി ടോയ്‌ലറ്റ്, ലിഫ്റ്റ്, റാമ്പ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. ഗവണ്മെന്റ് സെക്രട്ടേറിയറ്റ് അടക്കമുള്ള സർക്കാർ കെട്ടിടങ്ങളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly